**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3017** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണമേഖലയിലെ പാൽ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഒരു ദിവസത്തെ ശരാശരി പാൽ ഉപഭോഗം എത്രയാണെന്ന് അറിയിക്കുമോ; | (എ) | കേരളത്തിലെ ഒരു ദിവസത്തെ ശരാശരി പാൽ ഉപഭോഗം 87.5 ലക്ഷം ലിറ്റർ ആണ്. |
| (ബി) | ഇതിൽ കവർ പാലായും നേരിട്ട് കർഷകരിൽ നിന്നും സൊസൈറ്റികളിൽ നിന്നും മറ്റു പ്രാദേശിക വിതരണക്കാർ മുഖേനയും വിതരണം ചെയ്യപ്പെടുന്ന പാലിന്റെ അളവ് എത്രയാണെന്ന വിവരം ലഭ്യമാക്കുമോ; | (ബി) | കർഷകർ അവരുടെ പ്രാദേശിക വിൽപനയ്ക്കും ശേഷമുള്ള പാലാണ് സംഘങ്ങളിൽ അളക്കുന്നത്. ക്ഷീര സഹകരണ സംഘങ്ങൾ വഴിയുള്ള പ്രാദേശിക വിൽപന പ്രതിദിനം ശരാശരി 6 ലക്ഷം ലിറ്ററാണ്. ജൂലൈ മാസത്തെ കണക്കനുസരിച്ച് മിൽമ പ്രതിദിനം 13,67,000 ലിറ്റർ പാൽ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഗ്രാമീണമേഖലയിലും നഗരമേഖലയിലും വിതരണം ചെയ്യപ്പെടുന്ന കവർ പാലിന്റെ അളവ് വേർതിരിച്ച് ലഭ്യമാക്കുമോ; | (സി) | ഡയറി പ്ലാന്റുകളിൽ നിന്നും നേരിട്ടാണ് പാൽ വിതരണത്തിന് പോകുന്നത്. ആയതിനാൽ ഗ്രാമീണമേഖലയിലും നഗരമേഖലയിലും വിതരണം ചെയ്യപ്പെടുന്ന കവർ പാലിന്റെ അളവ് വേർതിരിച്ച് എടുക്കുക പ്രായോഗികമല്ല. |
| (ഡി) | ഗ്രാമീണമേഖലയിലെ വിതരണത്തിന് ശേഷം മിച്ചമുള്ള പാൽ മാത്രം നഗരങ്ങളിൽ എത്തിച്ച് വിതരണം ചെയ്താൽ പാക്കിംഗ് - വിതരണ ചെലവുകളും കാർബൺ എമിഷനും കുറയ്ക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; | (ഡി) | ക്ഷീരസഹകരണ സംഘങ്ങൾ പൊതുവെ ഗ്രാമീണ മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ക്ഷീര കർഷകർ അവരുടെ പ്രാദേശിക വിൽപനയ്ക്കും ശേഷമുള്ള പാലാണ് സംഘങ്ങളിൽ അളക്കുന്നത്. ക്ഷീരസഹകരണ സംഘങ്ങൾ പ്രാദേശിക വിൽപന കഴിഞ്ഞുള്ള പാലാണ് മിൽമയ്ക്ക് നൽകുന്നത് ആയതിനാൽ ഗ്രാമീണ മേഖലയെ അപേക്ഷിച്ച് നഗരങ്ങളിലാണ് പായ്ക്ക് ചെയ്ത പാലിന്റെ വിതരണം കൂടുതൽ നടക്കുന്നത്. നിലവിൽ നഗര പ്രദേശങ്ങളിൽ വിതരണത്തിനുള്ള പാലാണ് പ്ലാന്റുകളിൽ എത്തുന്നത്. ആയതുകൊണ്ടുതന്നെ പ്രത്യേകിച്ച് ചിലവുകൾ വർദ്ധിക്കുന്നില്ല. |
| (ഇ) | എങ്കിൽ ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്താൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ? | (ഇ) | ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് "ക്ഷീരസംഘങ്ങൾക്ക് ധന സഹായം" നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധന സഹായം, പ്രവർത്തന രഹിതമായ ക്ഷീര സംഘങ്ങളുടെ പുനഃരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ / വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്.എസ്.എ 2006 നടപ്പിലാക്കാനുള്ള ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ളസംഭരണ നിർമ്മാണ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടക പദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ